# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 07.04.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. പോർച്ചുഗൽ പ്രസിഡന്റുമായി രാഷ്ട്രപതി ഇന്ന് ചർച്ച നടത്തും.

   **President Droupadi Murmu's visit to Portugal and Slovakia has begun. The President will hold talks with the President of Portugal today.**

2. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ജമ്മുവിലെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഇന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കും.

   **Union Home Minister Amit Shah, who is in Jammu on a three-day visit, will participate in various events today.**

3. കൊച്ചി കപ്പൽശാലയിലെ രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് പങ്കെടുക്കും.

   **Union Minister Sarbananda Sonowal will attend the steel cutting ceremony of two green tugs at the Cochin Shipyard today.**

4. നാവിക കമാൻഡേഴ്സ് കോൺഫറൻസ് രണ്ടാം ഘട്ടം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.

   **The second phase of First Edition of Naval Commanders' Conference 2025 will begin in New Delhi today.**

5. 'ആരോഗ്യകരമായ തുടക്കം, പ്രതീക്ഷാ നിർഭരമായ ഭാവി' എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോകാരോഗ്യദിനം.

   **World Health day will be observed across the globe today. This year the theme is "Healthy Beginnings, Hopeful Futures".**

6. **ലോക കപ്പ് ഷൂട്ടിംഗിൽ ഇന്ത്യക്ക് വീണ്ടും സ്വർണം. പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ രുദ്രാക്ഷ് ബാലസാഹിബ് പാട്ടീലിനാണ് മെഡൽ നേട്ടം.**

**Rudranksh Balasaheb Patil won the gold medal in the men's 10m air rifle shooting event at the ISSF World Cup 2025.**

**&&&&&&&&&&&&&&&&&&&**

## PRESIDENT VISIT (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. ഇന്ന് പുലർച്ചെ ലിസ്ബണിലെത്തിയ രാഷ്ട്രപതി, പോർച്ചുഗലിൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായി ചർച്ച നടത്തും.

**വിശദാംശങ്ങളിലേയ്ക്ക്......**

(വോയിസ്)

## PRESIDENT VISIT (VOICE)

ഇന്ത്യ- പോർച്ചുഗൽ നയതന്ത്ര ബന്ധം 50 വർഷം പിന്നിടുന്ന വേളയിലാണ് രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പോർച്ചുഗൽ സന്ദർശനം. പോർച്ചുഗൽ പ്രധാനമന്ത്രി, പാർലമെന്റ് സ്പീക്കർ എന്നിവരുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. പോർച്ചുഗല്ലിലെ ഇന്ത്യൻ സമൂഹത്തെയും വിവിധ സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഇന്ത്യൻ ശാസ്ത്രജ്ഞരെയും സന്ദർശിക്കും. യാത്രയുടെ രണ്ടാം പാതത്തിൽ ഈമാസം 9 ന് രാഷ്ട്രപതി സ്ലൊവാക്യ സന്ദർശിക്കും. പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി, പ്രധാനമന്ത്രി റോബർട്ട് ഫിക്കോ എന്നിവരുമായി രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. 29 വർഷങ്ങൾക്കു ശേഷമാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി സ്ലൊവാക്യയിലെത്തുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&&

## AMIT SHAH-JAMMU

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ജമ്മുവിലെത്തി. ഇന്ന്, കത്വയിലെ അന്താരാഷ്ട്ര അതിർത്തിയിൽ ബിഎസ്എഫിന്റെ ഔട്ട്പോസ്റ്റ് സന്ദർശിക്കുന്ന അമിത് ഷാ സുരക്ഷാ സ്ഥിതി അവലോകനം ചെയ്യും. തുടർന്ന് വീരമൃത്യു വരിച്ച പോലീസുകാരുടെ കുടുംബങ്ങളെ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്ഭവനിൽ സന്ദർശിക്കും. നാളെ ശ്രീനഗറിൽ സുരക്ഷാ അവലോകന യോഗത്തിലും അമിത് ഷാ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## SARBANANDA SONOWAL

കൊച്ചി കപ്പൽശാല നിർമിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് പങ്കെടുക്കും. കപ്പൽശാലയിൽ നിർമാണത്തിൽ ഇരിക്കുന്ന സക്ഷൻ ഹോപ്പർ ഡ്രഡ്ജറിൻറെ നിർമാണ പുരോഗതിയും മന്ത്രി വിലയിരുത്തും. കൂടാതെ, ടെറാമാരിസ്, മിയ വാക്കി വാക്ക് വേകളുടെ സമർപ്പണവും അദ്ദേഹം നിർവഹിക്കും.

&&&&&&&&&&&&&&&&&&&

## NAVAL COMMANDERS CONFERENCE

നാവിക കമാൻഡേഴ്സ് കോൺഫറൻസ് രണ്ടാം ഘട്ടം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. നാല് ദിവസത്തെ സമ്മേളനത്തിൽ ഉന്നത നാവിക കമാൻഡർതല ചർച്ചകൾ

നടക്കും. കഴിഞ്ഞ ദിവസം കർണാടകയിലെ കാർവാറിൽ വെച്ചാണ് സമ്മേളനത്തിന്റെ ഒന്നാം ഘട്ടം നടന്നത്. മൂന്ന് സേനകളും തമ്മിലുള്ള സമന്വയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രതിരോധ സെക്രട്ടറി വിക്രം മിശ്രിയുമായും ഇന്ത്യയുടെ ജി-20 ഷെർപ അമിതാഭ് കാന്തുമായും ചർച്ചകൾ നടക്കും.

&&&&&&&&&&&&&&&&&&&

## RBI – MPC

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ ധനനയ യോഗം ഇന്ന് മുംബൈയിൽ ആരംഭിക്കും. റിപ്പോ, പലിശ നിരക്കുകൾ സംബന്ധിച്ച തീരുമാനം യോഗം കൈക്കൊള്ളും. 2025 – 2026 സാമ്പത്തിക വർഷത്തെ ആദ്യ ധനനയ യോഗമാണിത്. റിപ്പോ – റിവേഴ്സ് റിപ്പോ നിരക്കുകൾ മറ്റെന്നാൾ പ്രഖ്യാപിക്കും. രണ്ട് മാസത്തിൽ ഒരിക്കലാണ് ആർ ബി ഐ ധനനയ യോഗം ചേരുന്നത്.

&&&&&&&&&&&&&&&&&&&

## SOCIAL JUSTICE – CHINTAN SHIVIR

കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ രണ്ട് ദിവസത്തെ ചിന്തൻ ശിവിറിന് ഇന്ന് ഉത്താരാഖണ്ഡിലെ ഡെറാഡൂണിൽ തുടക്കമാകും. കേന്ദ്രമന്ത്രി വീരേന്ദ്രകുമാർ അധ്യക്ഷനാകും. സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക മേഖലയിലെ തടസ്സങ്ങൾ നേരിടുന്നതിനുള്ള മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## AMIT SHAH - IFFCO

നാനോ യൂറിയ, നാനോ ഡി.എ.പി എന്നിവയിലൂടെ IFFCO, ആഗോളതലത്തിൽ ഇന്ത്യയുടെ കീർത്തി വർദ്ധിപ്പിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഗാന്ധിനഗറിൽ സഹകരണ മേഖലയിലെ പ്രമുഖ വളം ഉൽപ്പാദകരായ IFFCO യുടെ സുവർണ ജൂബിലി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. IFFCO യുടെ വിത്ത് ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

&&&&&&&&&&&&&&&&&&&

## ASHA STRIKE

കേരളത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്ന ആശാവർക്കർമാരുമായി മന്ത്രി വി. ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിലാണ് കൂടിക്കാഴ്ച്. സർക്കാരും സമരക്കാരും തമ്മിൽ 3 തവണ ചർച്ച നടന്നെങ്കിലും പ്രശ്നത്തിന് പരിഹാരമായിരുന്നില്ല.

&&&&&&&&&&&&&&&&&&&

## WORLD HEALTH DAY (INTRO)

ഇന്ന് ലോകാരോഗ്യദിനം. 1948-ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികമാണ് ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. '**ആരോഗ്യകരമായ തുടക്കം,** പ്രതീക്ഷാ നിർഭരമായ ഭാവി' എന്നതാണ് ഈ വർഷത്തെ പ്രമേയം. അമ്മയുടേയും നവജാത ശിശുക്കളുടേയും ആരോഗ്യമാണ് ഇത്തവണത്തെ ലോകാരോഗ്യ ദിന വിഷയം.

മാതൃ - ശിശു മരണം കുറയ്ക്കുന്നതിന് നൽകുന്ന പരിചരണം പ്രസവാനന്തരവും പ്രധാനമാണെന്ന് കിളിമാനൂർ സർക്കാർ

ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഡോ. അർച്ചന വി എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

## VEENA GEORGE

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. സർക്കാർ ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&&&&

## US TRADE TALKS AFTER TARIFFS

പുതിയ തീരുവ പ്രഖ്യാപനത്തിന് ശേഷം 50 ലധികം രാജ്യങ്ങൾ ചർച്ചകൾക്കായി യു എസിനെ സമീപിച്ചതായി വൈറ്റ് ഹൗസ്. പ്രഖ്യാപനത്തിന് ശേഷം യു എസ് ഓഹരി വിപണികളിൽ 6 ട്രില്ല്യൺ ഡോളറിന്റെ ഇടിവ് രേഖപ്പെടുത്തിയെങ്കിലും താരിഫിനെ പിന്തുണയ്ക്കുന്നതായി യു എസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെൻറ് സ്വകാര്യ വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിൽ അറിയിച്ചു . അതേസമയം, ട്രംപിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ അമേരിക്കയിൽ വൻ പ്രതിഷേധം നടക്കുകയാണ്.

&&&&&&&&&&&&&&&&&&&

## ISSF WORLD CUP

ISSF ലോക കപ്പ് ഷൂട്ടിംഗിൽ ഇന്ത്യൻ താരം രുദ്രാക്ഷ് ബാലസാഹിബ് പാട്ടീലിന് സ്വർണം. പുരുഷന്മാരുടെ 10 മീറ്റർ

എയർ റൈഫിൾ ഷൂട്ടിംഗിലാണ് മെഡൽ നേട്ടം. 2023ലും ഇന്ത്യയ്ക്കായി രുദ്രാക്ഷ് സ്വർണ്ണം നേടിയിരുന്നു. രണ്ട് സ്വർണ്ണവും ഒരു വെള്ളിയും ഒരു വെങ്കലവുമായി ഇന്ത്യ മെഡൽ പട്ടികയിൽ ചൈനയ്ക്കൊപ്പമാണ്.

&&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ ഏഴ് വിക്കറ്റിന് കീഴടക്കി ഗുജറാത്ത് ടൈറ്റൻസ്. മുഹമ്മദ് സിറാജാണ് പ്ലെയർ ഓഫ് ദ മാച്ച്. ഇന്ന് നടക്കുന്ന മത്സത്തിൽ മുംബൈ- ബംഗളുരുവിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

## SAND ART

സാന്റ് ആർട്ടിന് നൽകിയ മികച്ച സംഭാവനകൾക്കുള്ള ഫ്രഡ് ഡാറിംഗ്ടൺ സാന്റ് മാസ്റ്റർ അവാർഡ് സുദർശൻ പട്നായിക്കിന്. ഈ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് അദ്ദേഹം. ഒഡീഷ സ്വദേശിയായ ശ്രീ.പട്നായിക്കിന് രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## PALAKKAD DEATH

പാലക്കാട് മുണ്ടൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ യുവാവ്

കൊല്ലപ്പെട്ടു. മുണ്ടൂർ കയറംകോട് സ്വദേശി അലനാണ് മരിച്ചത്. കൂടെ ഉണ്ടായിരുന്ന അമ്മ വിജി പരിക്കുകളോടെ

തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് ഉച്ചവരെ മുണ്ടൂർ പഞ്ചായത്തിൽ സി.പി.എം ഹർത്താൽ ആചരിക്കും. ഡിഎഫ്ഒ ഓഫീസിലേക്ക് ബിജെപി മാർച്ച് നടത്തും.

&&&&&&&&&&&&&&&&&&&

## ISRAEL STRIKE

ഗാസയിൽ തടവിലുള്ള ബന്ദികളെ മോചിപ്പിക്കുന്നതിന് ഹമാസുമായി ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ട് ഇസ്രയേലിൽ ജനങ്ങളുടെ പ്രതിഷേധം തുടരുന്നു. ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു ഇന്ന് അമേരിക്ക സന്ദർശിക്കാനിരിക്കെയാണ് പ്രതിഷേധം.

&&&&&&&&&&&&&&&&&&&

## MYANMAR

ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി 31 ടൺ അവശ്യസാധനങ്ങൾ മ്യാൻമറിലേക്കയച്ചതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. അതേസമയം

മ്യാൻമറിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,471 ആയി. ചില പ്രദേശങ്ങളിൽ കനത്ത മഴ പെയ്യുന്നതു ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&

## V SIVAKUTTY - MINIMUM MARK

എട്ടാം ക്ലാസിൽ മിനിമം മാർക്ക് കിട്ടാത്ത വിദ്യാർത്ഥികൾക്ക് നാളെ മുതൽ ഈ മാസം 24 വരെ അധിക പിന്തുണാ ക്ലാസ് നൽകുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. 2,541

സ്കൂളുകളിൽ നിന്നുള്ള എട്ടാം ക്ലാസ് പരീക്ഷാഫലം നിലവിൽ ലഭ്യമായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## MA BABY- GEN SECRETARY

സിപിഐ എം ജനറൽ സെക്രട്ടറിയായി എം.എ. ബേബിയെ മധുരയിൽ ചേർന്ന ഇരുപത്തിനാലാം പാർട്ടി കോൺഗ്രസ് തെരഞ്ഞെടുത്തു. 18 അംഗ പൊളിറ്റ് ബ്യൂറോയേയും 84 അംഗ കേന്ദ്ര കമ്മിറ്റിയെയും തെരഞ്ഞെടുത്തു. രാജ്യസഭാംഗം, കേരള നിയമസഭാംഗം, വിദ്യാഭ്യാസ മന്ത്രി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 2012-ൽ പൊളിറ്റ് ബ്യൂറോ അംഗമായി.

&&&&&&&&&&&&&&&&&&&

## HS TEA CHERS- V.SIVANKUTTY

സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂൾ അധ്യാപരുടെ ഓൺലൈൻ സ്ഥലമാറ്റ പ്രക്രിയ ഇന്നു മുതൽ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ഇതിനായി അധ്യാപരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അത് വെരിഫൈ ചെയ്യാനും കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഹയർസെക്കന്ററി ട്രാൻസ്ഫർ പോർട്ടലിൽ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## CMRL

എക്സാലോജിക്കുമായുള്ള സാമ്പത്തിക ഇടപാടുകളുടെ പ്രോസിക്യൂഷൻ നടപടി തടയണമെന്ന് ആവശ്യപ്പെട്ട് കൊച്ചി സി.എം.ആർ.എൽ നൽകിയ ഹർജി ഡൽഹി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. അതേസമയം, SFIO

അന്വേഷണത്തിന് എതിരായി സി.എം.ആർ.എൽ നൽകിയ ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി ജൂലൈയിലേയ്ക്ക് മാറ്റിയിരുന്നു.

**&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&**
**&&&&&&&&&**